സാംസ്കാരിക **വകുപ്പു** ഡയറക്ടറുടെ **നടപടി ക്രമങ്ങൾ**

വിഷയം:- സാംസ്കാരിക വകുപ്പ് - യുവ കലാകാരൻമാർക്കുള്ള വജ്രജൂബിലി ഫെലോഷിപ്പ് - റാങ്ക് പട്ടിക പ്രസിദ്ധീകരിച്ച് - ഉത്തരവാകുന്നു.

പരാമർശം: 1. 10.10.2017 ലെ സ.ഉ(എം.എസ്) 28/2017/സാം.കാ.വ നമ്പർ ഉത്തരവ്.
2. 14.06.2018 ലെ സ.ഉ(കൈ) 23/2018/സാം.കാ.വ നമ്പർ ഉത്തരവ്.

ഉത്തരവ്

നം.പി 1. 2939/17 /സാം.വ — തീയതി : 31/08/2018

സംസ്ഥാന സാംസ്കാരിക വകുപ്പ് നടപ്പിലാക്കി വരുന്ന ആയിരം യുവ കലാകാരൻമാർക്കുള്ള വജ്ര ജൂബിലി ഫെലോഷിപ്പ് പദ്ധതിയിൻ കീഴിൽ കലാകാരൻമാരെ തെരെഞ്ഞെടുക്കാനായി 2018 ജൂൺ മാസത്തിൽ നിശ്ചിത യോഗ്യത നേടിയ കലാകാരൻമാരിൽ നിന്നും അപേക്ഷകൾ സ്വീകരിച്ചു. 2018 ജൂലൈ 14 മുതൽ 24 വരെ കേരള കലാമണ്ഡലം, തൃശ്ശൂർ സംഗീത നാടക, ലളിതകല, സാഹിത്യ അക്കാദമികൾ, തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതിഭവൻ എന്നിവിടങ്ങളിൽ വച്ച് അഭിമുഖ പരീക്ഷ നടത്തിയിരുന്നു. (1) കഥകളി വേഷം, (2) കഥകളി ചെണ്ട, (3) കഥകളി മദ്ദളം, (4) കഥകളി സംഗീതം, (5) കഥകളി ചുട്ടി, (6) കൂടിയാട്ടം വേഷം, (7) കൂടിയാട്ടം മിഴാവ്, (8) തുള്ളൽ, (9) മേളം ചെണ്ട (10) മേളം തായമ്പക, (11) മേളം പഞ്ചവാദ്യം, (12) സംഗീതം വായ്പ്പാട്ട്, (13) സംഗീതം വയലിൻ, (14) സംഗീതം മൃദംഗം, (15) സംഗീതം വീണ, (16) സംഗീതം പുല്ലാങ്കുഴൽ, (17) മോഹിനിയാട്ടം, (18) കേരള നടനം, (19) നാടകം, (20) കഥാപ്രസംഗം, (21) ഇന്ദ്രജാലം, (22) ചിത്ര രചന, (23) ശിൽപ്പകല, (24) കാർട്ടൂൺ, (25) അപ്ലൈഡ് ആർട്ട് (26) ഇൻസ്റ്റലേഷൻ, (27) ഫോട്ടോ ഗ്രാഫി, (28) ന്യൂ മീഡിയ, (29) ചുമർ ചിത്രകല, (30) തെയ്യം, (31) തിറ, (32) പൂരക്കളി, (33) മറത്തുകളി, (34) കണ്യാർകളി, (35) നാടൻ പാട്ട്, (36) ചവിട്ടുനാടകം, (37) മാർഗ്ഗംകളി, (38) മുടിയേറ്റ്, (39) പടയണി, (40) മാപ്പിളകല, (41) കോൽകളി, (42) വിൽപ്പാട്ട്, (43) തിരുവാതിര, (44) പാക്കനാർ തുള്ളൽ, (45) വഞ്ചിപ്പാട്ട്, (46) ഗദ്ദിക, (47) തോൽപ്പാവക്കൂത്ത്, (48) കാക്കരശ്ശി നാടകം എന്നീ ഇനങ്ങളിലായാണ് തെരെഞ്ഞെടുപ്പ് പ്രക്രിയ നടത്തിയിട്ടുള്ളത്. അഭിമുഖ പരീക്ഷയിൽ നേടിയ മാർക്കിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ, കഥാപ്രസംഗം, ഇന്ദ്രജാലം, ഇൻസ്റ്റലേഷൻ എന്നിവ ഒഴികെയുള്ള 45 കലാവിഭാഗങ്ങളിൽപ്പെട്ടവരുടെ റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നു.

ഒരോ വിഭാഗത്തിലും ലഭ്യമായ ഒഴിവുകളുടേയും ലഭിച്ച റാങ്കിന്റേയും അടിസ്ഥാനത്തിൽ കലാകാരൻമാരെ വിന്യസിച്ചുകൊണ്ടുള്ള ഉത്തരവുകൾ പ്രത്യേകമായി പുറപ്പെടുവിക്കുന്നതാണ്.

45 ഇനങ്ങളിലെ റാങ്ക് പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു.

ഒപ്പ്
റ്റി.ആർ സദാശിവൻ നായർ
ഡയറക്ടർ

1. സാംസ്കാരിക വകുപ്പ് വെബ് സൈറ്റ്
2. നോട്ടീസ് ബോർഡ്

പകർപ്പ്:- 1. ഡയറക്ടറുടെ സി എ
2. ഫയൽ/കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/അക്കൗണ്ട്സ് ഓഫീസർ

email: culturedirectoratec@gmail.comPh.No 0471 2328193
Li